# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3997** 16.05.2017 ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടനിർമ്മാണ അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ്.പി | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടനിർമ്മാണ അനുമതിയും നമ്പറിങ്ങും നടത്തികിട്ടുന്നതിന് പൊതു ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് സംബന്ധിച്ച് നിലനിൽക്കുന്ന ചട്ടങ്ങൾ ഉദ്യോഗസ്ഥർക്ക് അഴിമതി നടത്തുന്നതിനുള്ള അവസരമായി മാറുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത പ്രശ്നം സംബന്ധിച്ച ചട്ടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ഗ്രാമപഞ്ചായത്തുകളിലേയും സ്ഥിതി വിശേഷങ്ങൾ കണക്കിലെടുത്ത് അവയ്ക്കോരോന്നിനും പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ഡി) പ്രസ്തുത ആവശ്യം സംബന്ധിച്ച അപേക്ഷകൾക്ക് തീർപ്പ് കല്പിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ച് ചട്ടം കൊണ്ട് വരുമോ; വ്യക്തമാക്കുമോ; | (ഡി) പ്ലാൻ അംഗീകാരം, പെർമിറ്റ് എന്നിവ നൽകുന്നതിന്/നിരസിക്കുന്നതിനുള്ള സമയപരിധി കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13,14 എന്നിവയിലും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14,15 എന്നിവയിലും നിലവിൽ പ്രതിപാദിക്കുന്നുണ്ട്. |
| (ഇ) സമയബന്ധിതമായി തീർപ്പ് കല്പിക്കാത്ത അപേക്ഷകൾക്ക് നിശ്ചിതകാലപരിധി കഴിഞ്ഞാൽ ആട്ടോമാറ്റിക്കായി പെർമിറ്റ് അനുവദിക്കപ്പെടും വിധം നിയമ നിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ? | (ഇ) സൈറ്റ് അംഗീകരിക്കുന്നതിനോ/നിരസിക്കുന്നതിനോ; പണി തുടങ്ങുന്നതിന് പെർമിഷൻ നൽകുന്നതിനോ/നിരസിക്കുന്നതിനോ സെക്രട്ടറി കാലതാമസം വരുത്തുന്നപക്ഷം, അപേക്ഷകന് മുൻസിപ്പൽ കൗൺസിലിന് അപേക്ഷ എഴുതി നൽകുവാനും; തുടർന്ന് കൗൺസിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളാത്തപക്ഷം അംഗീകാരം/പെർമിഷൻ നൽകിയതായി കണക്കാക്കി ആക്ടിനെയോ, ചട്ടങ്ങളെയോ ബൈലാകളെയോ ലംഘിക്കാതെ അപേക്ഷകന് പണി നടത്തുവാനുള്ള അനുവാദം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 16 എന്നിവയിൽ നിലവിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ